പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2083. 19-06-2012 ന് മറുപടിയ്ക്ക്</u>

<u>വന്യമൃഗങ്ങളുടെ ആക്രമണം നേരിടുവാൻ ദ്രുതകർമ്മസേന</u>

<u>ചോദ്യം</u>

ശ്രീ. പാലോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :

എ) വനപ്രദേശങ്ങൾക്ക് സമീപമുള്ള ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം നേരിടുവാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്നറിയാമോ ;

<u>ഉത്തരം</u>

ശ്രീ. കെ.ബി. ഗണേഷ് കുമാർ.
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി )

എ) വനപ്രദേശങ്ങൾക്ക് സമീപമുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം നേരിടുവാൻ താഴെ പറയുന്ന നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടത്.

1. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം
3. കയ്യാലകളുടെ നിർമ്മാണം
4. എലിഫന്റ് സ്ക്വയറിംഗ് സ്ക്വാഡുകളുടെ രൂപീകരണം.
5. ആനകളുടെ സഞ്ചാരപഥം പുന: സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.

6. വന്യജീവി സങ്കേതങ്ങളിനുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.
7. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക.
8. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
9. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.
10. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി.

| | |
|---|---|
| ബി) ഇതിനായി ദ്രുതകർമ്മസേനയെ രൂപീകരിക്കുന്ന കാര്യം പരിഗണന യിലുണ്ടോ ; | ബി) കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി നാശനഷ്ടങ്ങൾ വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് തുരത്തി ഓടിക്കുന്ന തിനായി 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത സേനയുടെ യൂണിറ്റുകളെ എവിടെയൊക്കെ വിന്യസിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; | സി) റാപ്പിഡ് റെസ്പോൺസ് ടീമുകളെ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലാണ് വിന്യസിച്ചിട്ടുള്ളത്. |
| ഡി) യൂണിറ്റുകളുടെ പ്രവർത്തനം ആരുടെ നിയന്ത്രണത്തിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഡി) റെയിഞ്ചോഫീസർമാരുടെ നേതൃത്വ ത്തിലുള്ള പ്രസ്തുത ടീമുകൾ ഡിവിഷണൽ ഫോറസ്റ്റാഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ